**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ 1,151 വിദ്യാർത്ഥികൾക്ക് നഷ്ടമായത് കേന്ദ്ര സർക്കാരിന്റെ ഏത് സ്കോളർഷിപ്പാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി/പട്ടിക വർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ പ്രകാരം പാലക്കാട് ജില്ലയിലെ 1151 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടമായത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.എസ്.) ലഭിക്കാൻ വിദ്യാർത്ഥികൾ പാലിക്കേണ്ട രണ്ട് പ്രധാന നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പദ്ധതി (എൻ.എം.എം.എസ്.എസ്) പട്ടികജാതി/ പട്ടിക വർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നില്ല. |
| (സി) | ഇ-ഗ്രാന്റ് സ്കോളർഷിപ്പും കേന്ദ്ര സ്കോളർഷിപ്പും തമ്മിൽ പ്രധാന വ്യത്യാസം എന്താണെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാന സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നത് വകുപ്പിന്റെ വിദ്യാഭ്യാസ ഓൺലൈൻ പ്ലാറ്റ്ഫോമായ ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന താഴെപ്പറയുന്ന 2 രീതിയിലാണ് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നത്.<br><br>1**. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**<br><br>കുടുംബവാർഷിക വരുമാനം 2 . 5 ലക്ഷം വരെയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ്, അക്കാഡമിക് അലവൻസ് എന്നിവ 60% കേന്ദ്ര വിഹിതമായും, 40% തുക സംസ്ഥാന വിഹിതമായും, പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 75% തുക കേന്ദ്ര വിഹിതമായും 25% തുക സംസ്ഥാന വിഹിതമായും അനുവദിക്കുന്നു. കേന്ദ്ര വിഹിതത്തിനായി സംസ്ഥാന വിഹിതം നൽകിയതിനുശേഷം നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലേയ്ക്ക് ഡാറ്റ ഷെയർ ചെയ്യുന്നു. ഹോസ്റ്റൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസ് സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | | | കുടുംബവാർഷിക വരുമാനം 2 . 5 ലക്ഷത്തിനു മുകളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക മുഴുവനായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നു. ഹോസ്റ്റലർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസ് പൂർണ്ണമായും സംസ്ഥാന വിഹിതമായി സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്കും അനുവദിച്ച വരുന്നു.<br><br>ഈ രണ്ട് പദ്ധതികളിലും ഉൾപ്പെട്ട പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ലംപ്സം ഗ്രാന്റ് അനുവദിച്ച് വരുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് പോക്കറ്റ് മണിയും പോയിവരുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റ് സംസ്ഥാന ബജറ്റിൽ നിന്നും അനുവദിക്കുന്നു. അതായത് കുടുംബ വാർഷിക വരുമാനം 2.5 ലക്ഷംവരെയുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന കേന്ദ്ര അക്കാഡമിക് അലവൻസിന് പുറമേ സംസ്ഥാന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് ആനുപാതികമായി അധിക സംസ്ഥാന അക്കാഡമിക് അലവൻസ് കൂടി അനുവദിച്ച് വരുന്നു.<br><br>**<u>2. പ്രീ മെട്രിക് സ്കോളർഷിപ്പ്</u>**<br><br>പ്രീ മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ 9, 10 ക്ലാസ്സുകളിലെ 2.5 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവരുടെ പട്ടികജാതി വിദ്യാർത്ഥികൾക്ക് 60% കേന്ദ്ര വിഹിതമായും വിഹിതമായും, 40% തുക സംസ്ഥാന വിഹിതമായും, പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 75% തുക കേന്ദ്ര വിഹിതമായും 25% തുക സംസ്ഥാന വിഹിതമായും പരിമിതപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ സംസ്ഥാന സർക്കാർ വരുമാന പരിധിയില്ലാതെ മുഴുവനായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ 1 മുതൽ 8-വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും സ്റ്റൈപന്റും അനുവദിച്ചവരുന്നു. |
| (ഡി) | എൻ.എം.എം.എസ്.എസ്. സ്കോളർഷിപ്പ് പ്രകാരം ഒൻപതാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം ലഭിക്കുന്ന തുക എത്രയാണെന്ന് വിശദമാക്കാമോ; | (ഡി) | നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പദ്ധതി (എൻ.എം.എം.എസ്.എസ്) വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല .ആയതിനാൽ വിശദാംശങ്ങൾ ലഭ്യമല്ല |
| (ഇ) | ഇ-ഗ്രാന്റ് കൈപ്പറ്റിയ വിദ്യാർത്ഥികൾ തുക തിരിച്ചു നൽകിയാൽ ഭാവിയിൽ കേന്ദ്ര സ്കോളർഷിപ്പ് വീണ്ടും | (ഇ) | കേന്ദ്ര സർക്കാരിന്റെ മാർഗ നിർദ്ദേശ പ്രകാരം വിദ്യാർത്ഥികൾക്ക് ഒരേ കാലയളവിൽ ഒരു |

| | | | |
|---|---|---|---|
| | ലഭ്യമാകുമോ എന്ന് വ്യക്തമാക്കാമോ? | | സ്കോളർഷിപ്പിന് മാത്രമാണ് അർഹതയുള്ളത്. ആയതിനാൽ ഇ ഗ്രാന്റ്സിനോടൊപ്പം മറ്റ് സ്കോളർഷിപ്പുകൾ കൈപ്പറ്റുന്ന ന്നതിന് കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ